# ജറുസലെം ദൈവരാജ്യം

2023 ജനുവരി 6 വാല്യം 10 ലക്കം 4




# ചോദിക്കുവിൻ; നിങ്ങൾക്ക് ലഭിക്കും.



പട്ടത്തച്ചൻ



പുതുവർഷം മനുഷ്യജീവിതത്തിൽ പുത്തൻ ചിന്തകൾ സമ്മാനിക്കുന്ന അനുഗ്രഹീതമായ കാലമാണ്. ഇന്നത്തെ പ്രാർത്ഥനകളാണ് നാളത്തെ ജീവിതത്തിൽ അൽഭുതങ്ങൾ സമ്മാനിക്കുന്നത്. നിന്റെ കുടുംബമാകുന്ന ദേവാലയത്തിലെ പ്രാർത്ഥനാപായയിൽ, നിത്യാരാധനാ ചാപ്പലിലെ ദിവ്യകാരുണ്യ സന്നിധിയിൽ, നീ തൂകിയ കണ്ണുനീരാണ് നാളത്തെ നിന്റെ ജീവിതത്തെ മാറ്റിമറിക്കുന്നത്. തിരുസഭ ആരംഭിച്ചതും വളർന്നതും നിലനിൽക്കുന്നതും അൾത്താരയ്ക്കു ചുറ്റുമാണ്. കുടുംബപ്രാർത്ഥനയും ആരാധനാജീവിതവും നവവൽസരത്തിന്റെ പുത്തൻ സമ്മാനങ്ങളായി ഏറ്റെടുക്കുക. ഒരിക്കൽ സോളമൻ രാജാവ് ബലിയർപ്പിക്കാൻ മുഖ്യപൂജാഗിരിയായ ഗിബയോനിലേയ്ക്ക് പോയി. ആ ബലിപീഠത്തിൽ അവൻ ആയിരം ദഹനബലി അർപ്പിച്ചിട്ടുണ്ടായിരുന്നു. അവിടെവെച്ച് ദൈവം സോളമന് പ്രത്യക്ഷപ്പെട്ടു. സോളമൻ പറഞ്ഞു: ''ഈ മഹാജനത്തെ നയിക്കാൻ എനിക്ക് ജ്ഞാനവും വിവേകവും നൽകണമേ''. സോളമന്റെ അപേക്ഷ കർത്താവിന് പ്രീതികരമായി. അവിടുന്ന് അവനോട് അരുൾചെയ്തു: ''നീ ദീർഘായുസ്സോ, സമ്പത്തോ, ശത്രുസംഹാരമോ ആവശ്യപ്പെടാതെ നീതിനിർവ്വഹണത്തിനു വേണ്ട വിവേകവും ജ്ഞാനവുമാണ് നീ ആവശ്യപ്പെട്ടത്. നിനക്ക് ഞാൻ ജ്ഞാനവും വിവേകവും തരുന്നു. മാത്രമല്ല നീ ചോദിക്കാത്തത് കൂടി ഞാൻ നിനക്ക് തരുന്നു. നിന്റെ ജീവിതകാലം മുഴുവൻ സമ്പത്തും മഹത്വവും മറ്റൊരു രാജാവിനില്ലാത്ത വിധം നിനക്കുണ്ടായിരിക്കും''.

ഒരാൾ ജീവിതം ബലിയായി അർപ്പിച്ച് പ്രാർത്ഥിച്ചാൽ ചോദിക്കാത്തത് കൂടി തരുന്നവനാണ് നമ്മുടെ ദൈവം. ഇന്ന് ചോദിക്കുന്നത് ലഭിക്കാത്തതിന്റെ കാരണം ജീവിതം ആരാധനയാകുന്നില്ല. ജീവിതത്തിൽ സമർപ്പണങ്ങൾ കുറഞ്ഞുപോകുന്നു. ഈശോ സ്ഥാപിച്ച സഭയിൽനിന്നും കുടുംബത്തിൽനിന്നും അകലാതെ നീ പ്രാർത്ഥിച്ചാൽ, ഈശോ സ്ഥാപിച്ച കുർബ്ബാനയിൽനിന്നും, കൂദാശകളിൽനിന്നും വിട്ടുമാറാതെ പ്രാർത്ഥിച്ചാൽ നാം ചോദിക്കുന്നതിൽ നിന്നും ആഗ്രഹിക്കുന്നതിൽ നിന്നും വളരെയധികം അവിടുന്ന് ചെയ്ത് തരും. നമ്മുടെ പ്രാർത്ഥനകളിലും, ആരാധനകളിലും ചോദിക്കേണ്ടത് ചോദിച്ചാൽ ചോദിക്കാത്തതുപോലും സോളമന് ലഭിച്ചതുപോലെ നിന്റെ ജീവിതത്തിനും ലഭിക്കുമെന്ന് നീ വിശ്വസിക്കുക.

അവിശ്വാസമാണ് മനുഷ്യന്റെ ഏറ്റവും വലിയ തിന്മ. നമ്മിൽ പ്രാർത്ഥനയുടെ ശക്തിയും അനന്തസാധ്യതകളും സംഭവിക്കാതിരിക്കുന്നതും പ്രാർത്ഥനയിൽനിന്നും ആരാധനയിൽനിന്നും നമ്മെ അകറ്റുന്നതും അവിശ്വാസമെന്ന വലിയ തിന്മയാണ് എന്ന് നാം തിരിച്ചറിയണം. പുതുവർഷത്തിൽ ഇതുവരെ ആരാധിച്ചതിൽ നിന്നും പത്ത് മിനിറ്റ് കൂടി ആരാധിക്കാൻ നീ ശ്രമിച്ചാൽ നീ ചോദിക്കുന്നതിലും അധികം തരുന്ന ദൈവത്തെ കണ്ടുമുട്ടാൻ നിനക്ക് സാധിക്കും. പ്രാർത്ഥനയുടെയും, ആരാധനയുടെയും ജീവിതം ഈ പുതുവർഷത്തിൽ സ്വന്തമാക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ. പ്രത്യാശാനിർഭരമായ, സന്തോഷം നിറഞ്ഞ പുതുവർഷം എല്ലാവർക്കും ആശംസിക്കുന്നു.



## ജനുവരി 3
## വി. ചാവറ പിതാവിന്റെ തിരുന്നാൾ

## ചരിത്രത്തിലെഴുതപ്പെട്ട ത്യാഗവിസ്മയം



ബനഡിക്ട് പതിനാറാമൻ പാപ്പ കാലയവനികയ്ക്ക് പിന്നിൽ മറഞ്ഞു. ജീവിതത്തെ സ്വന്തം വിശ്വാസത്തിലൂടെയും ദർശനങ്ങളിലൂടെയും ലോകത്തിനു മുന്നിൽ വിശദീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. 20-ാം നൂറ്റാണ്ടിലെ പ്രതിഭാശാലിയായ ദൈവശാസ്ത്രജ്ഞൻ. 2013 ഫെബ്രുവരി 11ന് അദ്ദേഹം മാർപാപ്പ പദവിയിൽനിന്ന് സ്ഥാനത്യാഗം പ്രഖ്യാപിക്കുകയും ഫെബ്രുവരി 28ന് സ്ഥാനമൊഴിയുകയും ചെയ്തു. കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഏഴു നൂറ്റാണ്ടിനുശേഷം നടന്ന അത്യപൂർവ സംഭവം ലോകത്തിന് വിസ്മയമായി. സീറോമലബാർ സഭയുടെ ആദ്യവിശുദ്ധയായ അൽഫോൻസാമ്മയെ വിശുദ്ധയായി നാമകരണം ചെയ്തത് ബനഡിക്ട് പതിനാറാമൻ മാർപാപ്പയായിരുന്നു. സുവിശേഷ മൂല്യങ്ങളോടും, സഭാമൂല്യങ്ങളോടും കൂറ് പുലർത്തി ചരിത്രത്തിലെഴുതപ്പെട്ട ത്യാഗവിസ്മയമായ പാപ്പയ്ക്ക് പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ.




## സി.എം.ഐ. ദേവമാതാ പ്രവിശ്യ
## നവവൈദികർക്ക്



**ഫാ. ജെറിൻ തോട്ട്യാൻ**
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
തൂമ്പാക്കോട്



**ഫാ. മിൽനർ വിതയത്തിൽ**
സെന്റ് തോമസ് കത്തീഡ്രൽ
ഇരിങ്ങാലക്കുട



**ഫാ. റെമി വടക്കൻ**
കർമ്മലമാതാ ചർച്ച്
ചെങ്ങാലൂർ

അഭിനന്ദനങ്ങൾ...
ആശംസകൾ...



# “ഹൃദയത്തിലെ സത്യത്തെ നാവിനാൽ വഞ്ചിക്കരുത്. ”.



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

## യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്.

(ഹെബ്രായർ 13: 8)



## വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ




**സിജി സാജു (ആബേൽ സാജു)**
ഒല്ലൂക്കാരൻ ഹൗസ്, പി. ഒ. പുതുക്കാട്

ഈശോനാഥൻ നമ്മോട് പറഞ്ഞിരുന്നില്ലേ, ‘‘വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും’’ എന്ന്. വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ ഞങ്ങൾക്ക് ലഭിച്ച വലിയൊരു ദൈവാനുഗ്രഹത്തിന്റെ സാക്ഷ്യമാണ് എനിക്ക് അൾത്താരയിൽ പറയാനുള്ളത്. എന്റെ മകന് ജന്മനാതന്നെ യൂറിനറി ബ്ലാഡറിലെ പ്രഷർ മൂലം രണ്ട് കിഡ്നിയ്ക്കും ഹൈഡ്രോ നെഫ്രോസിസ് എന്ന രോഗം ഉണ്ടായിരുന്നു. അത് 11, 12 മില്ലി മീറ്റർ വരെ ഉണ്ടായിരുന്നു. ഇപ്പോൾ അവന് 9 വയസ്സായി. വലിയ വ്യത്യാസം ഒന്നും ഉണ്ടായിരുന്നില്ല. 6 മാസം കൂടുമ്പോൾ അവന് സ്കാനിങ്ങ് ഉണ്ടായിരുന്നു. ഈ നവംബർ 7-ാം തീയതി അവന് സ്കാനിങ്ങ് ഉണ്ടായിരുന്നു. ഞാൻ ജറുസലെം ധ്യാനകേന്ദ്രത്തിൽ വെള്ളിയാഴ്ചകളിൽ വന്ന് മകനുവേണ്ടി പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിക്കുമായിരുന്നു. അടുത്ത സ്കാനിങ്ങിൽ എന്റെ മകന് അസുഖം 5 മില്ലി മീറ്ററിന് താഴെ വരികയാണെങ്കിൽ ഈശോയുടെ സാക്ഷിയായി തീരാമെന്ന നിയോഗത്തോടെ പ്രാർത്ഥിച്ചു. അത്ഭുതകരമായി ഈശോയുടെ സ്പർശനം മകന് ലഭിച്ചു. സ്കാനിങ്ങിൽ 5 മി. മീ. ആയി കുറഞ്ഞു. ഇപ്പോൾ അവന് മൈൽഡ് ആയിട്ടുള്ള ഹൈഡ്രോനെഫ്രോസിസ് മാത്രമേ ഉള്ളൂ എന്നാണ് ഡോക്ടർ പറഞ്ഞത്. വൈദ്യശാസ്ത്രത്തിന് ഈ അൽഭുത സൗഖ്യം അതിശയമായി. ദൈവത്തിന്റെ വലിയ അത്ഭുതമാണെന്ന് ഡോക്ടറും പറഞ്ഞു. ഇത്രമേൽ അനുഗ്രഹങ്ങൾ കോരിച്ചൊരിഞ്ഞ ദിവ്യകാരുണ്യനാഥന് നന്ദിയേകുന്നു.

## പ്രാർത്ഥനാനിയോഗങ്ങൾ

Whatsapp ചെയ്യേണ്ടനമ്പർ 9656 133 533
ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും
6.30 pm - 8.30 pm - Jerusalem Retreat Centre Youtube ൽ

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല



**നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല, ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)**



## പ്രാർത്ഥനയ്ക്ക് ഉത്തരമേകി

**ജൂബിൽ മരിയ ജിജോ,** *D/o* റെന്നി ജിജോ,
അടാട്ടുകാരൻ ഹൗസ്, കൈരളി, മരത്താക്കര

ദൈവസന്നിധിയിൽ നിലവിളിയോടെ പ്രാർത്ഥിക്കുന്നതും, യാചിക്കുന്നതും നമുക്ക് ലഭിക്കാതിരിക്കില്ല. പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്ന നല്ല ദൈവമാണവിടുന്ന്. ഞങ്ങൾക്ക് മൂന്നാമതൊരു കുഞ്ഞുണ്ടാകാൻ തീക്ഷ്ണമായി ആഗ്രഹിച്ചു പ്രാർത്ഥിച്ചു. ആദ്യമാസത്തെ സ്കാനിങ്ങിൽ തന്നെ കുഞ്ഞിന്റെ ഹൃദയമിടിപ്പിന് വ്യതിയാനങ്ങൾ ഉണ്ടായിരുന്നു. മരുന്നുകൾ ചെയ്തു. ജറുസലെം വചനകൂടാരത്തിൽ വരികയും അഭിഷിക്തരോട് പ്രാർത്ഥനാസഹായം യാചിക്കുകയും ചെയ്തു. ഞാൻ കഴിക്കുന്ന മരുന്നുകൾ വെഞ്ചിരിച്ച് പ്രാർത്ഥിച്ചു. അഞ്ചാം മാസത്തിലെ സ്കാനിങ്ങിൽ കുഞ്ഞിന്റെ ഹൃദയത്തിന് കുഴപ്പമുണ്ടെന്ന് പറഞ്ഞപ്പോൾ വിശ്വാസതീക്ഷ്ണതയോടെ ദൈവസന്നിധിയിൽ കരുണയ്ക്കായി പ്രാർത്ഥിച്ചു. ദിവ്യബലിയിലെ ദിവ്യകാരുണ്യാരാധനയിലും പ്രത്യേക നിയോഗത്തോടെ പങ്കെടുത്ത് പ്രാർത്ഥിച്ചു. ദൈവം ഞങ്ങളെ കൈവെടിയില്ല എന്ന പ്രത്യാശ ഞങ്ങളിൽ നിറഞ്ഞു. നിരാശ ഞങ്ങളിൽനിന്ന് വിട്ടകന്നപ്പോൾ ദൈവകൃപ ഞങ്ങളിൽ നിറയാൻ തുടങ്ങി. യോഹ. 15: 10 നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. ‘‘ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും. ദൈവസ്നേഹം ഞങ്ങളിലേക്ക് ഒഴുകിയിറങ്ങിയപ്പോൾ ഒരു പെൺകുഞ്ഞിനെ ദാനമായി നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു.

## കരുണയുള്ള കർത്താവ്

വിജോ പോൾസൻ, എടക്കളത്തൂർ ഹൗസ്, പി.ഒ. പുല്ലഴി, ചേലക്കര

നമ്മുടെ പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും കർത്താവിനോട് കരുണയ്ക്കായി പ്രാർത്ഥിച്ചാൽ അവിടുന്ന് നമ്മുടെ പ്രാർത്ഥന കേട്ട് നമ്മെ അനുഗ്രഹിക്കും. ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു: ‘‘ഞാൻ നിന്റെ കണ്ണുനീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും’’ (ജോബ് 5: 18). വിവാഹം കഴിഞ്ഞ് അഞ്ച് വർഷമായിട്ടും മക്കൾ ഇല്ലാതെ വിഷമിച്ചിരുന്ന ഞങ്ങൾ പ്രത്യാശയോടെ ദൈവകരുണയ്ക്കായി പ്രാർത്ഥിച്ചു. ഉദരഫലം ദൈവത്തിന്റെ സമ്മാനമാണെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിച്ചു. ആഫ്രിക്കയിലെ സിംബാവെയിലായിരുന്ന ഞങ്ങൾക്ക് ജറുസലെമിൽനിന്ന് പട്ടത്തച്ചൻ ആശീർവ്വദിച്ചുതന്ന പ്രാർത്ഥന കൃത്യമായി ചൊല്ലി പ്രാർത്ഥിക്കാൻ സാധിച്ചിരുന്നു. നിയോഗത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് ഒരു ആൺകുഞ്ഞിനെ നൽകി ഈശോനാഥൻ അനുഗ്രഹിച്ചു. കുഞ്ഞിന് ഞങ്ങൾ നാദാൻ എന്ന് പേരിട്ടു.

**“അവൻ എൻെറ നാമം അറിയുന്നതുകൊണ്ട് ഞാൻ അവനെ സംരക്ഷിക്കും.” (സങ്കീ. 91:14)**



## ദൈവനാമം മഹത്വപ്പെടട്ടെ

ഗ്രേസി അബ്രാഹം, വാഴപ്പിള്ളി ഹൗസ്,
ഇഞ്ചക്കുണ്ട് പി.ഒ

.സങ്കീ. 104: 33 ഇപ്രകാരമാണ്: ‘‘എന്റെ ജീവിതകാലം മുഴുവൻ ഞാൻ കർത്താവിന് കീർത്തനം പാടും. ആയുഷ്കാലമത്രയും ഞാൻ എന്റെ ദൈവത്തെ പാടി സ്തുതിക്കും’’. ദൈവമായ കർത്താവിന് നന്ദിയും സ്തുതിയും ആരാധനയുമർപ്പിക്കുന്നു. എന്റെ മകളുടെ ആദ്യത്തെ കൊച്ചിന് മൂന്ന് വയസ്സ് കഴിഞ്ഞപ്പോൾ രണ്ടാമത്തെ കുട്ടിക്കായി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ഒരു വർഷത്തിനുള്ളിൽ കുഞ്ഞിനെ നൽകി അനുഗ്രഹിക്കണമെന്നും അൾത്താരയിലെ സാക്ഷിയാക്കി മാറ്റണമെന്നും പ്രാർത്ഥിച്ചപ്പോൾ ഒരു പെൺകുഞ്ഞിനെ നൽകി ദൈവം ഞങ്ങളുടെ കുടുംബത്തെ അനുഗ്രഹിച്ചു. ദൈവനാമം മഹത്വപ്പെടട്ടെ.

## ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല



ഹെയ്സൽ മരിയ, *D/o* ലിസ്സി,
അരങ്ങത്തുപറമ്പിൽ ഹൗസ്, നന്തിക്കര,
തൃശൂർ

‘‘മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്’’ (ലൂക്കാ 18: 27). ഞങ്ങളുടെ വിവാഹം കഴിഞ്ഞ് ഒമ്പത് വർഷങ്ങൾ പിന്നിട്ടിട്ടും ഞങ്ങൾക്ക് കുഞ്ഞുങ്ങളുണ്ടായില്ല. സങ്കടകടലിലൂടെ, ഉത്കണ്ഠയിലൂടെയാണ് ഞങ്ങളുടെ ദിനങ്ങൾ മുന്നോട്ടുപോയത്. വൈദ്യശാസ്ത്രത്തിലെ പ്രഗത്ഭരായ ഡോക്ടേഴ്സിനെ സമീപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കായി ജറുസലെം വചനകൂടാരത്തിൽ നടത്തപ്പെടുന്ന പ്രത്യേക ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിച്ചപ്പോൾ ഞങ്ങളിലെ നിരാശ മാറി ഞങ്ങൾ പ്രത്യാശയിൽ നിറഞ്ഞു. ദൈവത്മാവിനാൽ ഞങ്ങൾ നിറഞ്ഞപ്പോൾ ആഴമേറിയ പ്രാർത്ഥനാനുഭവം ഞങ്ങൾക്കുണ്ടായി. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന ഞങ്ങൾ ഉറച്ച് വിശ്വസിച്ചു. അസാധ്യതകളെ സാധ്യതകളാക്കി തരുന്ന പൊന്നുതമ്പുരാൻ സമയത്തിന്റെ തികവിൽ ഒരു പെൺകുഞ്ഞിനെ നൽകി ഞങ്ങളുടെ ദാമ്പത്യത്തെ അനുഗ്രഹിച്ചു. ദൈവമേ നന്ദി.

## പ്രത്യാശയോടെ പ്രാർത്ഥിച്ചപ്പോൾ

തെരേസ ബിബിൻ, *D/o* ജിൻസി ബിബിൻ,
കീപ്പിൽ ഹൗസ്, ഇഞ്ചക്കുണ്ട്



ഞങ്ങളുടെ വിവാഹം കഴിഞ്ഞ് രണ്ട് വർഷമായിട്ടും കുട്ടികൾ ഇല്ലായിരുന്നു. തുടർന്ന് 2019 ജൂൺ, ജൂലൈ മാസങ്ങളിലായി മൂന്ന് വെള്ളിയാഴ്ചയിലെ ഏകദിന ശുശ്രൂഷകളിൽ ഞങ്ങൾ പ്രത്യേക നിയോഗത്തോടെ സംബന്ധിച്ചു. ബഹു. പട്ടത്തച്ചനെ നേരിൽ കണ്ട് പ്രാർത്ഥിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്തു. അടുത്ത കൊല്ലം ഇതേസമയത്ത് നിങ്ങൾക്ക് ദൈവം ഒരു കുഞ്ഞിനെ നൽകി അനുഗ്രഹിക്കുമെന്ന് അച്ചൻ പറഞ്ഞു. ഞങ്ങൾ വിശ്വാസത്തോടെ, പ്രത്യാശയോടെ പ്രാർത്ഥിച്ചു. ദൈവാനുഗ്രഹത്തിന്റെ നിറവിൽ യഥാസമയത്ത് ഞങ്ങൾക്ക് ഒരു പെൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. മകൾക്ക് തെരേസ എന്ന് ഞങ്ങൾ പേരിട്ടു. ഞങ്ങൾക്ക് കുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് ജറുസലെം നാഥനും പരിശുദ്ധ മാതാവിനും കോടാനുകോടി നന്ദിയേകുന്നു. ദൈവത്തിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനമാണ്.

## പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല

റോസ, പുലിക്കോട്ടിൽ ഹൗസ്, പി.ഒ. പറപ്പൂർ



ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രയാസങ്ങളിൽ നാം തളരരുത്. ഞെരുക്കങ്ങളിൽ നിരാശരാകരുത്. പ്രത്യാശ കൈവിടാതെ മുന്നോട്ടുപോയാൽ നാം അവിടുത്തെ സ്വന്തമായിത്തീരും. അഗ്നിയിൽ ശുദ്ധീകരിക്കുന്ന സ്വർണ്ണംപോലെ സഹനങ്ങൾ നമ്മെ ശുദ്ധീകരിക്കുന്നു, വിശുദ്ധീകരിക്കുന്നു. എന്റെ മകൾക്കുവേണ്ടിയാണ് ഞാൻ സാക്ഷ്യം പറയുന്നത്. ആദ്യത്തെ സ്കാനിൽ ഒരു മാംസപിണ്ഡമായിട്ടാണ് ഗർഭസ്ഥശിശു കാണപ്പെട്ടത്. അത് അബോർഷൻ ചെയ്യാൻ ഡോക്ടർ പറഞ്ഞെങ്കിലും ചെയ്തില്ല. അഞ്ച് മാസം കഴിഞ്ഞപ്പോൾ വീണ്ടും സ്കാൻ പറഞ്ഞിരുന്നു. അതിൽ കുഞ്ഞിന് ക്രമാനുഗതമായ വളർച്ചയുണ്ടെന്ന് പറഞ്ഞു. ജറുസലെം വചനകൂടാരത്തിൽ വന്ന് ഞങ്ങൾ കുഞ്ഞിനായി പ്രാർത്ഥിച്ചു. അതിന്റെ ഫലമായി കുഴപ്പമില്ലാതെ ആരോഗ്യത്തോടെയുള്ള കുഞ്ഞിനെ നൽകി. ഒമ്പതാം മാസത്തിൽ കുഞ്ഞിന് തൂക്കം നന്നായി കൂടിയിരുന്നു. അതുകൊണ്ട് ഓപ്പറേഷൻ വേണം എന്നാണ് ഡോക്ടർ പറഞ്ഞത്. യാതൊരു കുഴപ്പവും ഇല്ലാതെ സുഖപ്രസവം നൽകി ഈശോ അനുഗ്രഹിച്ചു. യേശുവേ നന്ദി, യേശുവേ സ്തോത്രം.

## ദൈവശക്തി നിറഞ്ഞപ്പോൾ

അഞ്ജു കെ. എ, ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു,
എൽത്തുരുത്ത് പി.ഒ.



പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം യാചിച്ച് വിശ്വാസത്തോടെ ഈശോയോട് പ്രാർത്ഥിച്ചപ്പോൾ സൗഖ്യഭയത്തിൽനിന്നും രോഗഭയത്തിൽനിന്നും എന്നെ രക്ഷിച്ചു. 2013-ൽ എന്റെ മലദ്വാരത്തിന്റെ സമീപത്ത് ഒരു തടിപ്പ് കണ്ടിരുന്നു. ഡോക്ടർ ബയോപ്സിക്ക് അയക്കണണമെന്ന് പറഞ്ഞു. ബയോപ്സി റിസൾട്ടിൽ കുഴപ്പമൊന്നും ഇല്ലെങ്കിൽ ജറുസലെമിൽ വന്ന് സാക്ഷ്യപ്പെടുത്താമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഫലമായി ബയോപ്സി റിസൾട്ടിൽ യാ



# “ഭൂമിയുടെ മീതെ കാണുന്ന സമസ്തവും ഭേദം കൂടാതെ മാറിനീങ്ങുന്നു” .



തൊരു കുഴപ്പവും ഉണ്ടായിരുന്നില്ല. എന്റെ മോന് ഒമ്പത് മാസം ഉള്ളപ്പോൾ പനി വന്ന് ഫിറ്റ്സ് വന്നിരുന്നു. മോന്റെ അസുഖം മാറിയാൽ മൂന്ന് വെള്ളിയാഴ്ചകളിൽ ജറുസലെമിൽ വരാമെന്നും സാക്ഷ്യപ്പെടുത്താമെന്നും നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഈശോ എന്റെ മകനെ അനുഗ്രഹിച്ച് സുഖപ്പെടുത്തി. പിന്നെ ഇതുവരെയും പനി വരുമ്പോൾ അവന് ഈ രോഗം വന്നിട്ടില്ല. യേശുവേ, നന്ദി, യേശുവേ സ്തുതി.

## സഹനം അനുഗ്രഹമായി

ബബിത ജോഷി, കരേരക്കാട്ടിൽ ഹൗസ്, അയ്യന്തോൾ പി.ഒ.



അനുദിന ജീവിതത്തിൽ നാം കടന്നുപോകുന്ന ഓരോ സഹനങ്ങളിലും നമ്മോടൊപ്പം ക്രൂശിതനായ ഈശോയുണ്ട്. ഈശോയുടെ കുരിശുമരണത്തിന്റെ യോഗ്യതയുണ്ട്. ക്രൂശിതനോടൊപ്പം യാത്ര ചെയ്യുമ്പോൾ സഹനങ്ങൾ അനുഗ്രഹങ്ങളായി മാറുന്നു. എന്റെ മകൾക്ക് പിരിഡ്സ് 21-28 ദിവസംവരെ നീണ്ടുനിൽക്കുന്ന ഒരു അവസ്ഥയായിരുന്നു. ഡോക്ടർമാരെ മാറിമാറി കണ്ടു. സ്കാൻ ചെയ്തപ്പോൾ ഡോക്ടർ പറഞ്ഞു, യൂട്രസ്സിന് (എൻട്രോമെട്രിയം) തിക്ക്നെസ്സ് കൂടുതലാണ്. 18 വയസ്സ് പൂർത്തിയാകുമ്പോൾ പരിഹരിക്കാൻ ശ്രമിക്കാം എന്നാണ് പറഞ്ഞത്. മരുന്നുകൾ ഒന്നുംതന്നെയില്ല. ഹോർമോണിന്റെ മരുന്ന് ആരംഭിക്കാമെന്ന് പറഞ്ഞു. ബ്ലീഡിങ്ങ് മൂലം അവളുടെ ബ്ലഡ് കൗണ്ട് 6 ആയി കുറഞ്ഞു. അതിന്റെ ഫലമായി ക്ഷീണം, തരിപ്പ്, തളർച്ച മുതലായവ അനുഭവപ്പെടാൻ തുടങ്ങി. ഞാൻ ദിവ്യവൈദ്യനും ഔഷധവുമായ ഈശോനാഥനോട് പ്രാർത്ഥിക്കുകയും ജറുസലെമിലെ വെള്ളിയാഴ്ച ശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തു. നിയോഗത്തോടെ അൾത്താരയിലെ സാക്ഷിയാക്കി മാറ്റണമേ എന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി അടുത്ത സ്കാൻ റിപ്പോർട്ടിൽ യൂട്രസിന് തിക്നെസ് 10 എം.എം. ആയി കുറഞ്ഞിരുന്നു. ബ്ലഡ് കൗണ്ട് ആറിൽനിന്ന് 13 ലേക്ക് ഉയരുകയും ചെയ്തു. പിരീഡ്സും നോർമ്മലായി. സ്ത്രീസഹജമായ അസുഖങ്ങളിൽനിന്ന് വിടുതൽ നൽകി ജറുസലെമിലെ അൾത്താരയിൽ വന്ന് സാക്ഷിയായിത്തീരാനുള്ള കൃപ നൽകിയ നല്ല ദൈവത്തിന് നന്ദിയും സ്തുതിയുമേകുന്നു.

## തിരുരക്തത്താൽ കഴുകിയപ്പോൾ



വിൻസി സോണി, W/o സോണി
അരിമ്പൂർ ഹൗസ്, അമ്മാടം

കർത്താവിന്റെ കാരുണ്യം ഒരിക്കലും അവസാനിക്കുന്നില്ല. നമ്മോടുള്ള കരുണയ്ക്ക് ഒരിക്കലും ഭംഗം വരുത്തുന്നുമില്ല. കരുണ നിറഞ്ഞ കർത്താവ് നൽകിയ വൻ കൃപകൾക്ക് മുമ്പിൽ നമുക്ക് എങ്ങനെ നന്ദി പറയാതിരിക്കാനാകും. എന്റെ മകൻ ആന്റണിക്ക് രണ്ട് വർഷം മുമ്പ് - 2020 ഏപ്രിൽ - കത്തികൊണ്ട് കണ്ണിന്റെ കൃഷ്ണമണിയിൽ ആഴത്തിൽ മുറിവ് ഉണ്ടാവുകയും കാഴ്ച നഷ്ടപ്പെടും എന്ന അവസ്ഥയിൽ എത്തുകയും ചെയ്തു. അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിൽ കണ്ണിന് സർജറി നടത്തുന്നതിനേക്കാൾ മുമ്പ് 99 ശതമാനവും കാഴ്ചശക്തി തിരിച്ചുകിട്ടാൻ സാധ്യതയില്ല എന്നാണ് ഡോക്ടർമാർ പറഞ്ഞത്. ഞങ്ങൾ പട്ടത്തച്ചനെ വിളിച്ച് പ്രാർത്ഥനാസഹായം ചോദിച്ചിരുന്നു. ഈശോയുടെ തിരുരക്തത്താൽ കഴുകി മകനെ വിശുദ്ധീകരിക്കണമേ എന്ന് പ്രാർത്ഥിക്കാൻ അച്ചൻ പറഞ്ഞതിന്റെ ഫലമായി ഞങ്ങൾ പൂർണ്ണവിശ്വാസത്തോടെ ഈശോയോട് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി കണ്ണിന്റെ സർജറി കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുശേഷം പൂർണ്ണ കാഴ്ച തിരിച്ചുനൽകി ഈശോ മകനെ അനുഗ്രഹിച്ചു. ഈശോ നൽകിയ ഈ വലിയ അനുഗ്രഹത്തിന് നന്ദി പറയുന്നു. ജറുസലെമിൽ സാക്ഷ്യം പറയാം എന്ന വഴിപാട് നേർന്നിരുന്നു. “കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല” (വിലാ. 3: 22).

## ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ



ലൂസി ദേവസ്സി, കടവി ഹൗസ്, അഞ്ചേരി

അപ്രതീക്ഷിതമായി നേരിടുന്ന രോഗങ്ങളും പ്രയാസങ്ങളും നമ്മുടെ മനസ്സിൽ അന്ധകാരം നിറയ്ക്കുമ്പോൾ നമുക്ക് പ്രാർത്ഥനയിൽ അഭയംതേടാം. ഞാൻ മൂന്നു മാസം മുമ്പ് ശരീരത്തിലെ പല മൂലകങ്ങളും കുറഞ്ഞ് ഗുരുതരാവസ്ഥയിൽ ജൂബിലി മിഷൻ ആശുപത്രിയിൽ 17 ദിവസം കിടന്നു. ഞാൻ സുഖംപ്രാപിച്ചാൽ ജറുസലേമിൽ വന്ന് സാക്ഷ്യം പറയാം എന്ന നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. എനിക്ക് സൗഖ്യം ലഭിച്ചു. എന്റെ മുടികൊഴിച്ചിൽ കാരണം ഞാൻ വളരെ വേദനയിലായിരുന്നു. എന്നാൽ ഇവിടത്തെ തിരുവിളക്കിൽനിന്ന് എണ്ണ കൊണ്ടുപോയി കുളിച്ചതിൽപ്പിന്നെ മുടി കൊഴിച്ചിൽ മാറികിട്ടി. രോഗവും ഉത്കണ്ഠയും മൂലമുള്ള ഭയത്തിൽനിന്നും അപകർഷതാബോധത്തിൽനിന്നും വിടുതൽ നൽകി ഈശോ എന്നെ അനുഗ്രഹിച്ചു. യോഹന്നാന്റെ സുവിശേഷം 14: 1-ൽ ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു: “നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ”. ദൈവത്തിൽ വിശ്വസിച്ചാൽ അവിടുന്ന് നമ്മെ ഒരിക്കലും കൈവെടിയില്ല, തീർച്ച.

## സഹനം കൃപയായി



ഡെൽമ ഡേവിസ്, ചാലിശേരി വളപ്പില ഹൗസ്, എരവിമംഗലം

സഹനങ്ങളാകുന്ന കുരിശിന്റെ വഴിയിലൂടെ നാം യാത്രചെയ്യുമ്പോൾ നിരാശയിൽനിന്നും ഉത്കണ്ഠയിൽനിന്നും നമ്മെ മുന്നോട്ടുനടത്തുന്നത് ദൈവത്തിലുള്ള ഉറച്ച വിശ്വാസവും ബോധ്യവുമാണ്. എനിക്ക് കഴിഞ്ഞ സെപ്തംബറിൽ കോവിഡ് പോസിറ്റിവ് ആയിരുന്നു. രണ്ട് പ്രാവശ്യം കോവിഡ് വന്നിട്ടുണ്ടായിരുന്നു. അപ്പോൾ എനിക്ക് ഭക്ഷണം കഴിക്കാൻ നല്ല ബുദ്ധിമുട്ടായിരുന്നു. ഗ്യാസിന്റെ ബുദ്ധിമുട്ടും ഉണ്ടായിരുന്നതിനാൽ ശരിക്ക് ഭക്ഷണം കഴിക്കാൻപോലും സാധിക്കില്ലായിരുന്നു. പല ഡോക്ടർമാരെയും കാണിച്ചു. ഒരു കുറവും ഉണ്ടായില്ല. തുടർന്ന് ഗ്യാസ്ട്രോയുടെ ഡോക്ടറെയും കണ്ടു. സ്കാൻ ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. സ്കാനിങ്ങിൽ ദഹനത്തിന്റെ വാൽവിന് ചെറിയ പ്രശ്നമുണ്ടെന്ന് പറഞ്ഞു. ഒരാഴ്ച മരുന്ന് കഴിച്ചു. എൻഡോസ്കോപ്പി ടെസ്റ്റ് ചെയ്യണമെന്ന് പറഞ്ഞു. ഞാൻ ജറുസലെം ധ്യാനകേന്ദ്രത്തിൽ വന്ന് മുട്ടിപ്പായി പ്രാർത്ഥിച്ചു. എൻഡോസ്കോപ്പിയിൽ യാതൊരുവിധ കുഴപ്പവും ഇല്ലെങ്കിൽ ഇവിടെവന്ന് സാക്ഷ്യം പറയാമെന്ന് പറഞ്ഞു. പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചു. അച്ചൻ ആശീർവ്വദിച്ച മധുരം നൽകി. ടെസ്റ്റിന് പോകുമ്പോൾ ഇത് കഴിച്ച് പോകാൻ പറഞ്ഞു. ദൈവം സൗഖ്യപ്പെടുത്തുമെന്ന് പറഞ്ഞു. അച്ചൻ പറഞ്ഞതുപോലെ ചെയ്ത് ഉറച്ച വിശ്വാസത്തോടെ ടെസ്റ്റിന് പോയി. ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. എന്നെ സൗഖ്യപ്പെടുത്തിയ ഈശോയ്ക്ക് ഒരായിരം നന്ദി. യേശുവി നന്ദി, യേശുവേ സ്തോത്രം.

## ഈശോ സ്പർശിച്ചപ്പോൾ



പിയൂസ്, കുരുതുകുളങ്ങര ഹൗസ്, കരാഞ്ചിറ.

“ഈശോയ്ക്ക് നമ്മോടുള്ള സ്നേഹം അനന്തമാണ്, വിശ്വസ്തത അചഞ്ചലവും” (ജറ. 31: 3). തീക്ഷ്ണമായ വിശ്വാസത്തോടെ ഈശോയോട് പ്രാർത്ഥിച്ചാൽ അവിടുന്ന് നമ്മുടെ പ്രാർത്ഥന കേൾക്കും. എന്റെ ഭാര്യ മൂന്നാമത്തെ കുഞ്ഞിനെ ഗർഭിണിയായിരുന്ന സമയത്ത്, രണ്ടാം മാസത്തിന്റെ സ്കാനിങ്ങിൽ ഓവറിയിൽ ഒരു സിസ്റ്റ് കണ്ടെത്തി. കഠിനമായ വയറുവേദനയുണ്ടായിരുന്നു. ഡോക്ടറെ സ്കാനിങ്ങ് റിപ്പോർട്ട് ഞങ്ങൾ കാണിച്ചപ്പോൾ കുഞ്ഞിനെ അബോർഷൻ ചെയ്യണമെന്നും അല്ലെങ്കിൽ കുഞ്ഞ് വലുതാകുന്നതിനനുസരിച്ച് മുഴയ്ക്ക് വലിപ്പം കൂടുകയാണെന്നും കണ്ടെത്തി. തുടർന്ന് ജറുസലേമിൽ നടക്കുന്ന ഗർഭിണികളുടെ പ്രാർത്ഥനയിൽ സ്ഥിരമായി വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് ആരോഗ്യവാനായി കുഞ്ഞിനെ ദൈവം തന്നു. യേശുവേ നന്ദി, യേശുവേ സ്തുതി.

## കൂടെയുള്ള ദൈവം



സ്റ്റേഫി ജോയി, ചൊവ്വല്ലൂർ ഹൗസ്, അമ്മാടം, പാറളം

നമ്മുടെ കാര്യത്തിൽ ശ്രദ്ധാലുവായ ദൈവമാണ് നമ്മോടൊപ്പമുള്ളത്. ദൈവം കൂടെയുള്ളപ്പോൾ നാം ഭയപ്പെടുന്നതെന്തിന്? നമ്മുടെ കാര്യങ്ങളിൽ ശ്രദ്ധാലുവാണ് അവിടുന്ന്. ഞങ്ങളുടെ പ്രാർത്ഥനകളിൽ അവിടുന്ന് ഉത്തരമരുളി ഞാൻ ജർമ്മനിയിലേക്ക് പോകാൻ ലാംഗ്വേജ് കോഴ്സ് പഠിച്ചിരുന്നു. ഒരുപാട് തവണ എക്സാം എഴുതി. പാസ്സായില്ല. സാക്ഷ്യപ്പെടുത്താൻ തിരുമാനിച്ചതിനുശേഷം എക്സാം തിയ്യതി തീരുമാനിച്ച് എക്സാമിന് അറ്റൻഡ് ചെയ്തപ്പോൾ എക്സാം പാസ്സായി. വിസ പ്രോസസിംഗ് നടക്കുമ്പോൾ ഒരുപാട് തടസ്സങ്ങൾ നേരിട്ടു. വിസ കൈയിൽ കിട്ടിയിട്ടും പോകാൻ പറ്റാതെ വളരെയധികം ബുദ്ധിമുട്ടി. പരിശുദ്ധ അമ്മയുടെയും ഈശോയുടെയും അനുഗ്രഹഫലമായി എല്ലാ തടസ്സങ്ങളും മാറി. എന്റെ കുഞ്ഞ് നവോമി ജനിച്ച അന്ന് മുതൽ ഉറക്കമില്ലായിരുന്നു. 24 മണിക്കൂർവരെ ഉറങ്ങാതെ വാശിയും കരച്ചിലും മാത്രമായിരുന്നു. ഡോക്ടർമാരെ കാണിച്ചെങ്കിലും ആരും കുട്ടിക്ക് ഒരു കുഴപ്പവും പറയുന്നില്ലായിരുന്നു.. മൂന്നാമത്തെ വയസ്സിലാണ് അഡിനോയിഡിന്റെ പ്രശ്നമാണ് എന്ന് കണ്ടെത്തിയത്. ഏഴ് വയസ്സുവരെ Spray ചെയ്താൽമതി എന്ന് പറഞ്ഞു. ഞങ്ങളും അതുതന്നെ തീരുമാനിച്ച് മുന്നോട്ടുപോയി. ഇടയ്ക്ക് കുഞ്ഞിന് ശ്വാസതടസ്സം വന്നു. പെട്ടെന്ന് സർജറി ചെയ്ത് മാറ്റണം എന്ന് പറഞ്ഞു. തുടർന്ന് സർജറി ചെയ്തു. ഇപ്പോൾ ഒരു ശാരീരിക ബുദ്ധിമുട്ടും ഇല്ല. സുഖമായി ഉറങ്ങുന്നു. നിരവധിയായ അനുഗ്രഹങ്ങൾ ഞങ്ങൾക്കായി നൽകിയ നല്ല ദൈവത്തിന് നന്ദിയും സ്തുതിയും ആരാധനയുമേകുന്നു.

## ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചപ്പോൾ



**സുഭലക്ഷ്മി,** പഞ്ചം ഹൗസ്,
പെരുമ്പിള്ളിശേരി, ചേർപ്പ്

കണ്ണീരോടെയുള്ള പ്രാർത്ഥനയ്ക്ക് ദൈവസന്നിധിയിൽ ഉത്തരമുണ്ട്. ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥനകൾക്കും വിലാപങ്ങൾക്കും ഉത്തരമേകാൻ കഴിവുള്ള സർവ്വശക്തനാണ് അവിടുന്ന്. ഞാൻ ഒരു ഹൈന്ദവ കുടുംബത്തിൽപ്പെട്ട സ്ത്രീയാണ്. എന്റെ മരുമകൻ ബസ് ഡ്രൈവറാണ്. കൊറോണ സമയത്ത് ജോലി പോയപ്പോൾ മാനസികമായി വളരെ ബുദ്ധിമുട്ടുണ്ടായി. മകൾക്കും ജോലിക്ക് പോകാൻ പറ്റാതായി. ഞാൻ പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൾക്ക് ഒരു ജോലി നൽകി ദൈവം അനുഗ്രഹിച്ചു. ഭവനത്തിനായി വരുമാനമാർഗ്ഗം ഒരുക്കിത്തന്ന ദൈവത്തിന് നന്ദിയേകുന്നു. അപ്പ 16: 31 വചനം ഞങ്ങളുടെ ഭവനത്തിൽ അന്വർത്ഥമായിത്തീർന്നു. “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും” (അപ്പ. പ്ര. 16:31).

## ആശ്വാസമായി ഈശോ



മേഴ്സി ഇ.ഐ., പൊറുത്തൂക്കാരൻ ഹൗസ്,
പി.ഒ. കോടന്നൂർ.

ജോലിയില്ലാതെ, വരുമാനമാർഗ്ഗം നഷ്ടപ്പെട്ട് സഹനങ്ങളിലൂടെയും കഷ്ടപ്പാടുകളിലൂടെയും കടന്നുപോയ സമയത്ത് ജോലി നൽകി ഈശോ ഞങ്ങളുടെ കുടുംബത്തെ രക്ഷിച്ചു. കൊറോണ സമയത്ത് എന്റെ മകന്റെ ജോലി നഷ്ടപ്പെട്ടു. രണ്ട് വർഷം ജോലിയില്ലാതെ വിഷമിച്ചു. എന്റെ മകനുവേണ്ടി ജറുസലെമിൽ വന്ന് സാധിക്കാവുന്ന വെള്ളിയാഴ്ചകളിൽ പ്രാർത്ഥിച്ചു. മകന് ജോലി തിരികെ ലഭിച്ചതിന് നന്ദി പറയുന്നു. കഷ്ടതകളിൽ തുണയായ്, സഹനങ്ങളിൽ ആശ്വാസമായ് കൂടെയണഞ്ഞ യേശുനാഥന് നന്ദിയേകുന്നു.

## കുരുക്കഴിക്കുന്ന മാതാവ്



ഓമന യോഹന്നാൻ, ചിരട്ട വീട്, മുപ്ലിയം

ജീവിതതകർച്ചകളും പ്രയാസങ്ങളും നമ്മെ അലട്ടുമ്പോൾ, ജീവിതമാകുന്ന നൗക ആടിയുലയുമ്പോൾ നമ്മെ ശക്തരാക്കുന്നത് പരിശുദ്ധ അമ്മയുമായുള്ള ശക്തമായ മാധ്യസ്ഥമാണ്. അമ്മയിലൂടെയാണ് നാം ഈശോയിലേക്ക് എത്തിച്ചേരുന്നത്. നാല് വർഷമായി ജർമ്മനിയിലേക്ക് ഉപരിപഠനത്തിനായി പോകാൻ എന്റെ മകൻ പരിശ്രമിക്കുന്നു. പക്ഷേ ഓരോ പ്രാവശ്യവും റിജക്ട് ആവുകയായിരുന്നു. അവസാനം ഒരു പ്രാവശ്യംകൂടെ പരിശ്രമിക്കാമെന്ന് തീരുമാനിച്ച് ഞങ്ങൾ ജറുസലെം വചനകൂടാരത്തിൽ വന്ന് കണ്ണീരോടെ പ്രാർത്ഥിച്ചു. താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്ത് തീക്ഷ്ണമായി പ്രാർത്ഥിച്ചു. വിസയ്ക്ക് അപേക്ഷിക്കാൻ പോകുന്നതിന് മുമ്പ് എല്ലാ ഡോക്യുമെന്റ്സും പട്ടത്തച്ചന്റെ അടുത്ത് കൊണ്ടുപോയി വെഞ്ചരിച്ച് പ്രാർത്ഥിച്ചു. അച്ചൻ കുരുക്കഴിക്കുന്ന മാതാവിന്റെ പ്രാർത്ഥന ചൊല്ലാൻ പറഞ്ഞു. ഞാനും മകനും എല്ലാ വെള്ളിയാഴ്ചകളിലും ജറുസലെം നാഥന്റെ അടുത്തുവന്ന് കരഞ്ഞ് പ്രാർത്ഥിച്ചു. മാതാവിന്റെ ജനന തിരുനാളിന് 10000 നന്മനിറഞ്ഞ മറിയം ചൊല്ലി കാഴ്ചവെച്ചു. കഴിഞ്ഞ ആഴ്ചയിൽ എന്റെ മകന്റെ വിസ തടസ്സം മാറി വിസ വന്നു. ഡിസംബർ ഒമ്പതാം തിയ്യതിക്ക് അവനു ടിക്കറ്റ് ശരിയായി. മകളുടെ MSW കോഴ്സ് കഴിഞ്ഞപ്പോൾ അവൾക്ക് നല്ലൊരു ആശുപത്രിയിൽ ജോലി ലഭിക്കണമെന്ന് ഞങ്ങൾ ജറുസലെം നാഥനോട് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി അവൾക്ക് നല്ല ഒരു ആശുപത്രിയിൽ ജോലി നൽകി ഈശോ അനുഗ്രഹിച്ചു. പരിശുദ്ധ അമ്മയ്ക്കും ഈശോയ്ക്കും നന്ദിയേകുന്നു.


**ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ**

Jerusalem Retreat Centre
A/c No. 030903819770195001
CSB Bank LTD
Thalore Branch
IFSC : CSBK0000309
Swift code : CSYBIN55

UPI id : jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ ഈ നമ്പറിൽ വാട്സ്ആപ്പ് ചെയ്യണേ

+91 8304069046



സിനി ജോൺസൻ

# പ്രകാശത്തിന്റെ സ്നേഹകാവ്യം

ഹൃദയം നിറഞ്ഞു തുളുമ്പിയ രാവായിരുന്നു അത്. ലോകകപ്പിന്റെ ആഘോഷമായ ഫൈനൽ രാവിൽ ലോകം മുഴുവൻ ഉറങ്ങാതിരുന്ന രാത്രി. ജീവിതത്തിലൊരിക്കലും മറക്കാൻ പറ്റാത്ത നിമിഷങ്ങൾ ഹൃദയത്തിലേറ്റുവാങ്ങി ഫുട്ബോളിനെ സ്നേഹിക്കുന്നവർ ആ രാത്രി ആഘോഷിച്ചു. ലയണൽ മെസി ഫിഫ ലോകകപ്പ് ട്രോഫിയിൽ മുത്തമിടുന്നത് കണ്ട് കളി കണ്ടവരും നിർവൃതിയടഞ്ഞു. കഠിനാദ്ധ്വാനത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും അനശ്വര നിമിഷങ്ങളായിരുന്നു മെസ്സിക്കത്. മെസ്സിയുടെ ശാരീരിക പ്രത്യേകതകളും, ബാല്യ-കൗമാര ജീവിതവും അറിയുന്ന നമുക്കറിയാം ദൈവം നൽകിയ വലിയ സമ്മാനമാണ് ഈ ലോകകപ്പ്. ഇതിഹാസതാരങ്ങളായ പെലെ, മറഡോണ, ക്രിസ്ത്യാനോ റൊണാൾഡോ തുടങ്ങിയവർക്കൊന്നും എത്തിപിടിക്കാൻ സാധിക്കാത്ത നേട്ടവുമായാണ് ഖത്തറിൽനിന്ന് വിജയശ്രീലാളിതനായി മെസ്സി ജന്മദേശത്തേയ്ക്ക് മടങ്ങിയത്. ഇവിടെയാണ് വിജയത്തോടൊപ്പം ദൈവാനുഗ്രഹവും നമുക്ക് കാണാനാവുക. ക്ലബ്ബ് തലത്തിൽ യൂറോപ്പിലെ ഏറ്റവും വലിയ കിരീടങ്ങൾ കോപ്പ അമേരിക്കയും, യുവേഫ കപ്പും, ഫിഫ ലോകകപ്പും നേടുന്ന ഒരേയൊരു ഇതിഹാസതാരമായി മെസ്സി മാറി. ലോകമെമ്പാടും അർജന്റീനയ്ക്ക് ആരാധകരെ സൃഷ്ടിച്ച മറഡോണയുടെ സ്വാധീനവും മെസ്സിക്കുവേണ്ടി പ്രാർത്ഥിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടാകും. ലോക നിലവാരത്തിലുള്ള കളികളിൽ മെസ്സി പ്രകടിപ്പിക്കുന്ന മാന്യതയും പക്വതയും പ്രശംസനീയമാണ്. വിജയങ്ങളിലും തോൽവിയിലും കാണിക്കുന്ന സമചിത്തത. ആദ്യമത്സരത്തിൽത്തന്നെ ഏറ്റുവാങ്ങിയ തോൽവിയിൽനിന്നും മനസ്സ് പതറാതെയുള്ള വിജയത്തിലേക്ക് ടീമിനെ നയിക്കാനുള്ള ആത്മവിശ്വാസം.

അറേബ്യൻ പാനപാത്രത്തിന്റെ മാതൃകയിലുള്ള ലൂസെയ്ൽ സ്റ്റേഡിയം അനുനിമിഷം മാറിമറിഞ്ഞ മത്സരഫലങ്ങളിലൂടെ കടന്നുപോകുമ്പോൾ മനുഷ്യഭാവങ്ങളുടെ വൈകാരിക പ്രകടനങ്ങൾ സ്റ്റേഡിയത്തെ പ്രകമ്പനംകൊള്ളിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു വലിയ സന്ദേശം അദ്ദേഹം തരുന്നുണ്ട്. വിജയങ്ങൾക്കൊപ്പം എപ്പോഴും പരാജയങ്ങൾ ഒളിച്ചിരിക്കുന്നുണ്ടാകും. ആത്മവിശ്വാസത്തോടെ, പതറാതെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ശ്രമിക്കുക. നമ്മോടൊപ്പം ദൈവമുണ്ടാകും. ലോകം മുഴുവനുമുണ്ടാകും. നാല് ലോകകപ്പ് മത്സരങ്ങളും ജയിക്കാതിരുന്ന മെസ്സിയുടെ അഞ്ചാം ഫൈനലായിരുന്നു ഇത്.

ലോകകപ്പ് അർജന്റീന നേടിയശേഷം ലോകം മുഴുവൻ കണ്ട പ്രകാശം പരത്തുന്ന ഒരു കാഴ്ചയ്ക്കും സ്റ്റേഡിയം സാക്ഷിയായി. മൈതാനത്ത് ദു:ഖിതനായി ഇരിക്കുന്ന ഫ്രാൻസ് ക്യാപ്റ്റൻ കിലിയൻ എംബപെയ്ക്ക് അടുത്തേയ്ക്ക് സമാശ്വസിപ്പിക്കാൻ എത്തുന്ന ഫ്രഞ്ച് പ്രസിഡന്റും അർജന്റീനയുടെ ഗോൾകീപ്പർ മാർട്ടിനെസ്സും. ഒരു നിമിഷാർദ്ധത്തിൽ കൈവിട്ടുപോയ ഈ ലോകകപ്പ് ഇനിയും നേടാൻ സമയുണ്ടെന്ന് പറയാതെ പറഞ്ഞ് മാർട്ടിനെസ്സ് എംബപെയെ കൈപിടിച്ച് ഉയർത്തിയപ്പോൾ സ്റ്റേഡിയം മുഴുവൻ നിശബ്ദമായ പ്രകാശത്തിന്റെ സ്നേഹകാവ്യമായി ഈ ഫൈനൽ മത്സരം ജനമനസ്സുകളിൽ ഇടംനേടി. 2022 വിട പറഞ്ഞ് 2023-ന്റെ പുതുപുലരിയിലേക്ക് നാം പ്രവേശിക്കുമ്പോൾ നല്ല സ്വപ്നങ്ങൾ കാണാം. വിജയത്തിനായി അദ്ധ്വാനിക്കാം. തകർന്നുപോയ സ്വപ്നങ്ങൾക്കോ, നമ്മെ തളർത്തിയ പരാജയങ്ങൾക്കോ പിന്നാലെ പോകാതെ നമ്മെക്കുറിച്ച് ഉന്നതമായ സ്വപ്നങ്ങൾ കാണുന്ന ദൈവത്തെ ഓർക്കുക. പിന്തിരിയാതെ ദൈവം നമുക്കായ് തുറക്കുന്ന വഴികളിലൂടെ നടന്നുനീങ്ങുക. വിജയങ്ങൾ സ്വന്തമാകുന്ന, അദ്ധ്വാനം ഫലമണിയുന്ന ഒരു ആഘോഷരാവ് നമുക്കായി നമ്മുടെ ദൈവം ഒരുക്കിവെച്ചിട്ടുണ്ട്. എല്ലാവർക്കുമായി പ്രകാശം പരത്തുന്ന ഒരു ആഘോഷരാവ്. പ്രകാശപൂർണ്ണമായ പുതുവത്സരങ്ങൾ നേരുന്നു.




## ദിവ്യകാരുണ്യ സൗഖ്യ ആരാധനയും അനുഗ്രഹ ജപമാലയും

ഫാ. ദേവസ്യ കാനാട്ട് CMI

ഫാദർ ദേവസ്യ കാനാട്ടിന്റെ നേതൃത്വത്തിൽ വൈകുന്നേരം 6.30 മുതൽ 8.30 മണി വരെ നടത്തുന്ന ലൈവ് ശുശ്രൂഷയാണിത്. ഓൺലൈനായും ഓഫ്ലൈനായും ശുശ്രൂഷ ഉണ്ട്. അനേകായിരങ്ങൾ പങ്കെടുക്കുകയും അനുഗ്രഹങ്ങൾ നേടുകയും ചെയ്യുന്നു. പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്ന ശുശ്രൂഷയാണിത്.



https://www.youtube.com/jerusalemretreatcentrelive/live



## ഈശോയുടെ കൂടെ
## TO BE WITH JESUS [FOR YOUTH]

ഫാ. സിജോ തയ്യാലക്കൽ CMI

ജറുസലെം വചനകൂടാരത്തിൽ ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും ആയി നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനയാണിത്. ഓൺലൈനായും ഓഫ്ലൈനായും ഈ പ്രാർത്ഥന ഉണ്ട്. കുമ്പസാരത്തിന് അവസരം ഉണ്ടായിരിക്കും. മാതാപിതാക്കൾക്ക് മക്കളെയും കൂട്ടി കൊണ്ടുവന്ന് ഈ ശുശ്രൂഷയിൽ പങ്കെടുക്കാവുന്നതാണ്. online link ലഭ്യമാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഹൃദയങ്ങൾ ഈശോയുടെ സ്നേഹത്തിൽ പൊതിഞ്ഞ് സുവിശേഷത്തിന് സാക്ഷിയാകാം. ജപമാല, കുമ്പസാരം, സ്തുതിയും, ദൈവാരാധനയും വചനസന്ദേശവും വിടുതൽ ശുശ്രൂഷയും ഉണ്ടായിരിക്കും.

TO BE WITH JESUS OFFICIAL



സി.എം.ഐ. ദേവമാതാ കുടുംബസംഗമം

## ജറുസലെം ശുശ്രൂഷകൾ ജനുവരി 2023

| | | |
|---|---|---|
| 1 | സി.എം.ഐ. സാഗർ പ്രവിശ്യയിലെ വൈദികരുടെ കുടുംബസംഗമം | |
| 6 | ജറുസലെം കുടുംബസംഗമം | (08.30 am - 03.30 pm) |
| 7 | രോഗശാന്തി ശുശ്രൂഷ | (09.30 pm - 12.30 pm) |
| | സമർപ്പണ തൊട്ടിൽ | (12.00 noon) |
| | അമ്മയും കുഞ്ഞും ശുശ്രൂഷ | |
| | ഗർഭിണികളുടെ പ്രാർത്ഥന | |
| 12 - 15 | പരിശുദ്ധാത്മാഭിഷേക മലയാള ധ്യാനം | (09.00 am) |
| 15 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am) |
| 19 - 22 | ആത്മാഭിഷേക തമിഴ് ധ്യാനം | (03.00 pm) |
| 21 | SSLC, +2 പരീക്ഷാ വിജയ കൺവെൻഷൻ | (9.00 am - 03.30 pm) |
| 27 - 29 | ഫിയാത്ത് മിഷൻ നയിക്കുന്ന മിഷനിൽ പോകാൻ താല്പര്യമുള്ളവരുടെ ധ്യാനം. | |
| 30 - 31 | ഉപവാസ വിടുതൽ ധ്യാനം | (09.00 am) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm- 06.15 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

**എല്ലാ വെള്ളിയാഴ്ചയും**
**പൊതു പ്രാർത്ഥനാ ദിനമായിരിക്കും**
(8.30 a.m. - 3.30 p.m.)

## Prayer LINE

**എല്ലാ ദിവസവും രാത്രി 9.30 ന്**
**ബഹു. ഡേവിസ് പട്ടത്തച്ചൻ നേതൃത്വം നൽകുന്നു**



Access code : 3321285#
Call in : 8929 700 137



## SSLC, +2 പരീക്ഷാ വിജയ കൺവെൻഷൻ

**2023 ജനുവരി 21 (9.00 am - 03.30 pm)**